തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2402**

## സാഹിത്യരചന

## പുരോഗമനസാഹിത്യപ്രസ്ഥാനം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I.** **രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. ജീവൽസാഹിത്യസമിതിയുടെ രൂപീകരണത്തിനു മുമ്പുതന്നെ പുരോഗമനസാഹിത്യം മലയാളത്തിൽ ഉദയം ചെയ്തിരുന്നോ? സ്വന്തം നിരീക്ഷണങ്ങൾ വ്യക്തമാക്കുക.

2. കേരളീയ ആധുനികതയുടെ രൂപീകരണത്തിൽ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ പങ്ക് വിശദമാക്കുക.

3. എന്താണ് രൂപഭദ്രതാവാദം? ജോസഫ് മുണ്ടശ്ശേരി മുന്നോട്ടുവയ്ക്കുന്ന വാദങ്ങൾ ചർച്ചചെയ്യുക.

4. ജീവൽസാഹിത്യസമിതിയുടെ രൂപീകരണത്തിലേക്ക് നയിച്ച ഘടകങ്ങൾ എന്തെല്ലാം?

5. ‘പുരോഗമനസാഹിത്യപ്രസ്ഥാനത്തെ, താത്ത്വികമായി നയിച്ചിരുന്നത് ഇ. എം. എസ്. നമ്പൂതിരിപ്പാടാണ് – പ്രസ്താവനയോട് പ്രതികരിക്കുക.

6. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കൾ ആരെല്ലാം? അവരുടെ സംഭാവനകൾ എന്തെല്ലാം?

7. പുരോഗമനസാഹിത്യപ്രസ്ഥാനവും ഇടതുപക്ഷരാഷ്ട്രീയവും തമ്മിലുള്ള ബന്ധം വിവരിക്കുക.

8. സമകാലിക രാഷ്ട്രീയത്തിന്റെയും സാമൂഹികമാറ്റങ്ങളുടെയും പശ്ചാത്തലത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ പ്രസക്തി പരിശോധിക്കുക.

9. സമകാലിക കേരളീയ സാഹചര്യത്തിൽ പുരോഗമന സാഹിത്യപ്രസ്ഥാനം അതിന്റെ ധർമം നിർവഹിക്കുന്നതിൽ വിജയിക്കുന്നുണ്ടോ? സ്വന്തം ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ വിമർശനാത്മകമായി വിശകലനം ചെയ്യുക.

10. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കേസരി ബാലകൃഷ്ണപിള്ള നൽകിയ സംഭാവനകൾ എന്തെല്ലാം?

**II.** **അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. ജീവൽസാഹിത്യപ്രസ്ഥാനത്തിനു നേരെയുള്ള വിമർശനങ്ങൾക്ക് ഇ.എം.എസ്. നൽകുന്ന വിശദീകരണങ്ങൾ ചർച്ച ചെയ്യുക.

12. മാർക്സിയൻ സൗന്ദര്യശാസ്ത്രം മലയാളസാഹിത്യഭാവുകത്വത്തിൽ വരുത്തിയ പരിണാമങ്ങളെന്തെല്ലാം? ചർച്ച ചെയ്യുക.

13. അഖിലേന്ത്യാ പുരോഗമനസാഹിത്യസമിതി രൂപംകൊള്ളാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുക.

14. പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് ആധുനികതാവാദത്തോടുള്ള സമീപനം വിശദമാക്കുക.

******